# കാണിക്കാരുടെ ഒറ്റമൂലി പ്രയോഗങ്ങൾ

**കേ**രളത്തിൽ തിരുവനന്തപുരം കൊല്ലം ജില്ലകളിൽ മാത്രം കണ്ടുവരുന്ന ആദിവാസി സമൂഹമാണ് 'കാണിക്കാർ'. നെടുമങ്ങാട് താലൂക്കിലെ കിഴക്കൻ മലകളിലും അതിനു തെക്കുള്ള മലകളിലുമാണ് ഇവരെ പ്രധാനമായും കാണുന്നത്.

കാണിക്കാരെ അടുത്തറിയുകയും പരിചയപ്പെടുകയും അവരോടൊപ്പം ഏതാനും വർഷങ്ങൾ സഹവസിക്കുകയും ചെയ്ത ശ്രീ. എം.സെബാസ്റ്റ്യൻ രചിച്ച 'കാണിക്കാരുടെ ലോകം' എന്ന പുസ്തകം കാണിക്കാരുടെ ചരിത്രവും സംസ്കാരവും നമുക്കു പരിചയപ്പെടുത്തിതരുന്ന ഒരു കൃതിയാണ്. അതിലെ ഒറ്റമൂലികളെക്കുറിച്ചുള്ള അധ്യായത്തിലെ പ്രസക്തഭാഗങ്ങളാണ് ഇവിടെ എടുത്തുചേർക്കുന്നത്.

**കേരളത്തിൽ തിരുവനന്തപുരം കൊല്ലം ജില്ലകളിൽ മാത്രം കണ്ടുവരുന്ന ആദിവാസി സമൂഹമാണ് 'കാണിക്കാർ'. നെടുമങ്ങാട് താലൂക്കിലെ കിഴക്കൻ മലകളിലും അതിനു തെക്കുള്ള മലകളിലുമാണ് ഇവരെ പ്രധാനമായും കാണുന്നത്.**

**കാണിക്കാരെ അടുത്തറിയുകയും പരിചയപ്പെടുകയും അവരോടൊപ്പം ഏതാനും വർഷങ്ങൾ സഹവസിക്കുകയും ചെയ്ത ശ്രീ. എം.സെബാസ്റ്റ്യൻ രചിച്ച 'കാണിക്കാരുടെ ലോകം' എന്ന പുസ്തകം കാണിക്കാരുടെ ചരിത്രവും സംസ്കാരവും നമുക്കു പരിചയപ്പെടുത്തിതരുന്ന ഒരു കൃതിയാണ്. അതിലെ ഒറ്റമൂലികളെക്കുറിച്ചുള്ള അധ്യായത്തിലെ പ്രസക്തഭാഗങ്ങളാണ് ഇവിടെ എടുത്തുചേർക്കുന്നത്.**

ഭക്ഷണംകിട്ടാതെ കിട്ടാതെ വിശന്നുപൊരിഞ്ഞാൽ കാണിക്കാർ ആരോഗ്യപച്ച തിന്നും. ഇളം തവിട്ടുനിറത്തിലുള്ള ഒരു കായാണത്. ഒരു കായ് കഴിക്കുന്നതോടെ വിശപ്പ് പമ്പകടക്കുന്നു. ഉണർവും ഉന്മേഷവും ആരോഗ്യവും ലഭിക്കുന്നു. ഏകദേശം ഒരു ദിവസം ഈ അവസ്ഥ തുടരുമത്രെ!

കാണിക്കാർക്ക് തേനീച്ചയുമായുള്ള ബന്ധം വളരെ കൂടുതലാണ്. തുക്കുതേനെടുക്കുമ്പോഴും തോടുതേനെടുക്കുമ്പോഴും ഈച്ച അധികം കടിക്കാതിരിക്കാനും കടിച്ചാൽ വേദനിക്കാതിരിക്കാനും കാട്ടുചണ്ണ അരച്ച് കയ്യിലും കാലിലും മുഖത്തും പുരട്ടുന്നു. തേനീച്ച കുത്തിയാൽ നൂലിയുടെ ഇല അരച്ചു പുരട്ടുന്നു. തോരൻ പയറിന്റെ ഇലയോ പയറോ രണ്ടും ചേർന്നതോ വെള്ളത്തിലിട്ട് തിളപ്പിച്ച് ചൂടുപിടിക്കുകയും വെള്ളം കുടിക്കുകയും ചെയ്യുന്നു. ശരീരത്തിലെങ്ങാനും നീരുവന്നാൽ കടമാന്തോര അഥവാ തൊഴുകണ്ണിയുടെ ഇല ശബ്ദമുണ്ടാക്കാതെ പോയി പറിച്ച് അരച്ചു പുരട്ടുന്നു.

ഇടിയോ ക്ഷതമോ പറ്റിയാൽ എല്ലുറ്റിപട്ട (ഒരു തരം മരത്തിന്റെ പട്ട) എടുത്ത് അടുപ്പിൽവച്ച് തേയില പോലെ ചുവക്കുംവരെ തിളപ്പിച്ച് കുടിക്കും. അല്ലെങ്കിൽ പെരുമ്പാമ്പിന്റെ നെയ്യ് കുടിക്കും. ഒടിവിനും ചതവിനും പെരുമ്പാമ്പിന്റെയോ ചേരയുടെയോ നെയ്യ് പുരട്ടുന്നു. ശ്വാസംമുട്ടലിനും പെരുമ്പാമ്പിൻ നെയ്യ് തന്നെയാണ് ശരണം. ക്ഷയം, ഇളുപ്പ്, ആസ്മ എന്നീ രോഗങ്ങൾക്ക് പുലിയുടെ എല്ല് ഉരച്ചുകൊടുക്കുകയോ മുള്ളൻപന്നിയുടെ തോല് ഉരച്ച് തേനിൽ ചേർത്ത് കൊടുക്കുകയോ ചെയ്യും. മുണ്ടിനീരിന് തൊട്ടാവാടിയുടെ ഇല തൊട്ടുരിയാടാതെ പറിച്ച് അരച്ചിടുന്നു.

കാണിക്കാരുടെ ചികിത്സാപദ്ധതിയിൽ ഈനാംപേച്ചിക്ക് വലിയ സ്ഥാനമാണുള്ളത്. പഴുതാര, കട്ടുറുമ്പ് എന്നിവയുടെ കടിയേറ്റാൽ ഉണക്കി സൂക്ഷിച്ചിരിക്കുന്ന ഈനാംപേച്ചിയുടെ നാക്ക് അരച്ചുതേയ്ക്കുകയും ഉള്ളിൽ കഴിക്കുകയും ചെയ്യുന്നു. കണ്ണിന് വേദന വന്നാൽ അളുങ്കിൻചിപ്പി (ശല്ക്കം) ഉരച്ച് കണ്ണിനു ചുറ്റും ചൂടുപിടിപ്പിക്കുന്നു, വെള്ളം നനച്ച് ഉരച്ച് കൺപോളയിൽ തേയ്ക്കുകയും ചെയ്യും. കടന്നലിന്റെ കുത്തേറ്റാൽ തകരയില അരച്ചുപുരട്ടുകയും ഉപ്പുവെള്ളം ചൂടാക്കി ആവി പിടിക്കുകയുമാണ് പതിവ്.

പാലവൻ പൊറ്റയിൽ ധാരാളമായി കണ്ടുവരുന്ന ഒരൗഷധമാണ് പാലവൻ. പാലവൻ മരത്തിന്റെ ചുവട്ടിലാണ് ഇത് സാധാരണയായി കണ്ടുവരുന്നത്. എങ്കിലും വേരിൽനിന്നോ മരത്തിൽനിന്നോ ഇത് കിട്ടുകയുമില്ല. തറയിൽനിന്ന് തോണ്ടിയെടുക്കുകയാണ് പതിവ്. തോണ്ടിയെടുക്കുമ്പോൾ അവ വളരെ മാർദവമുള്ളവയായിരിക്കും. പിന്നെ ഉറയ്ക്കും. പുറം കറുത്തും അകം വെളുത്തുമിരിക്കും. വ്രതം നോക്കിയാണ് പാലവൻ ശേഖരിക്കാൻ പോകുന്നത്. മണ്ണൻപനി, കുരുക്കൻചുമ, ശ്വാസംമുട്ടൽ, ആസ്മ, മസൂരി തുടങ്ങിയ രോഗങ്ങൾക്ക് പാലവൻ ഉരച്ചുകൊടുക്കുന്നു. അവിശ്വസനീയമാംവിധം വേഗത്തിൽ രോഗശാന്തി ലഭിക്കുമത്രെ!

പേഴിൻപട്ട ഇടിച്ചുപിഴിഞ്ഞ് ചാറെടുത്ത് ഉപ്പിട്ട് ചൂടാക്കി കുടിക്കുമ്പോൾ വയറുമുടക്കിനും വയറിളക്കത്തിനുമുള്ള സിദ്ധൗഷധങ്ങളായി. പനിക്ക് ശതാവലിക്കിഴങ്ങ് പച്ചയ്ക്ക് ചവച്ച് ചാറ് കുടിക്കും. ചിലതരം കാട്ടുകിഴങ്ങുകൾ ദേഹത്തു പുരണ്ടാൽ ചൊറിച്ചിലുണ്ടാവുക സാധാരണമാണ്. ചൊറിച്ചിൽ മാറാൻ ചൂടുചാമ്പൽ ദേഹത്തു വാരിപ്പൂശുകയാണ് പതിവ്. കുറുക്കനിറച്ചിയും ഔഷധമായി ഉപയോഗിക്കുന്നു. തലവേദനയ്ക്ക് വേട്ടാവളിയന്റെ കൂട് പൊളിച്ച് കുഴച്ച് നെറ്റിയിൽ പുരട്ടും. സ്ഥിരമായി കലത്തിൽ വെള്ളം കോരിവയ്ക്കുന്ന സ്ഥലത്തെ കലത്തിന്റെ ചുവട്ടിലെ ചെളിയെടുത്ത് കുറിയിട്ടാലും തലവേദനയ്ക്ക് സിദ്ധൗഷധമായി.

ക്ഷയരോഗത്തിന് കരിങ്കുരങ്ങ്, പറവക്കീരി, മലയണ്ണാൻ എന്നിവയെ പിടിച്ച് സൂപ്പിട്ട് കഴിക്കുന്നു. മസൂരിക്ക് ദിവസം മൂന്നുനേരം പന്നിനെയ്യ് കൊടുക്കും. നെല്ലില്ലെങ്കിൽ തേറ്റ ഉരച്ചുകൊടുക്കും. രണ്ടും കിട്ടിയില്ലെങ്കിൽ മൂക്ക് (ഉണക്കിയത്) ഉരച്ചുകൊടുക്കും. ഈ ദിവസങ്ങളിൽ കാന്താരി മുളകോ മഞ്ഞളോ ഉപയോഗിക്കാറില്ല.

ഏകദേശം ഇരുപത് മണി കോഴിനെല്ല് അഥവാ അന്നൂരി നെല്ല് ഉമികളഞ്ഞു പൊടിച്ച് അതിൽ കട്ടുറുമ്പിൻ (ഒരു തരം വണ്ട്) കൊമ്പ് ഉരച്ചു ചേർത്തുകൊടുത്താൽ വയറിളക്കത്തിനു ഔഷധമായി. ഇളക്കം ഉടൻ നിലയ്ക്കുമത്രേ. ഇങ്ങനെപ്പോകുന്നു കാണിക്കാരുടെ ഒറ്റമൂലി പ്രയോഗങ്ങളുടെ പട്ടിക.

വിഷചികിത്സയിൽ ഇവർക്കുള്ള ശ്രദ്ധയും പ്രാവീണ്യവും ഒന്നു വേറെ തന്നെയാണ്. എപ്പോഴും കാട്ടുജീവികളുമായി ഇഴുകിചേർന്ന് ജീവിക്കേണ്ടിവരുന്ന ഒരു ജനതയ്ക്ക് ഇത്തരം ചികിത്സാവിധികൾ ഒഴിച്ചുകൂടാനാവില്ലല്ലോ. വീടിന്റെ പരിസരത്ത് പാമ്പു വരാതിരിക്കുവാൻ ചുറ്റും കച്ചോലം നടുന്നു. കടിച്ചാലുള്ള ചികിത്സയ്ക്കും കച്ചോലം ഉപയോഗിക്കുന്നു.

നൂറ്റി ഒന്ന് പച്ചമരുന്ന് ഇടിച്ചുപിഴിഞ്ഞ് ഉണക്കി പാലിലിടുമ്പോൾ പൊരിപോലെ ഉയർന്നുവരുന്നു. ഇതാണ് വിഷക്കല്ല്. വിഷബാധിതനെ കൊണ്ടുവന്നയുടൻ രണ്ടു പ്രാവശ്യം പച്ചവെള്ളം ജപിച്ച് പാലായി കൊടുക്കുന്നു. വിഷം പാലായി മാറുവാനാണ് ഈ പ്രയോഗം. തുടർന്ന് വിഷം മുഴുവനും പാമ്പുകടിയേറ്റ സ്ഥലത്ത് കൊണ്ടുവരുന്നതിനുള്ള മന്ത്രപ്രയോഗം ആരംഭിക്കുകയായി. വിഷമിറക്കുന്നതിനുവേണ്ടി കടിയേറ്റ ഭാഗത്ത് വിഷക്കല്ല് വയ്ക്കുന്നു. ക്ഷണംതന്നെ കല്ല് ഒട്ടിപ്പിടിക്കുന്നു. മുഴുവൻ വിഷവും ഊറ്റിക്കുടിച്ചശേഷം കല്ല് ഇളകിവീഴുന്നു. തുടർന്ന് വിഷക്കല്ല് പാലിൽ ഇടുന്നു. വിഷം ആവിയായി പോകുന്നു എന്നാണ് അവരുടെ വിശ്വാസം. ഏതായാലും ഇതോടെ രോഗി പൂർണ ആരോഗ്യവാനായി മാറുന്നു.